മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# വിത്തുപരിപാലനത്തിന് മൊബൈൽ ആപ്പ്



▶ വിത്തുപരിപാലനത്തെക്കുറിച്ചുള്ള മൊബൈൽ ആപ്പ് അരുൺസിങ് റാവത്ത് പ്രകാശനംചെയ്യുന്നു

**കോയമ്പത്തൂർ** ▸ ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് (എൻവയൺമെന്റൽ ഇൻഫർമേഷൻ സിസ്റ്റം) കേന്ദ്രം മരങ്ങളുടെ വിത്ത് പരിപാലനത്തിനുള്ള ആൻഡ്രോയ്ഡ് മൊബൈൽ ആപ്പ് വികസിപ്പിച്ചു. നൂറുമരങ്ങളുടെ വിത്തിനെപ്പറ്റിയുള്ള സമഗ്ര വിവരങ്ങൾ ആപ്പിൽ ലഭ്യമാണ്.

വിത്തുസംരക്ഷണം സംബന്ധിച്ച് കോയമ്പത്തൂരിൽ നടത്തിയ രാജ്യാന്തര സെമിനാറിൽ ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ഡയറക്ടർ അരുൺസിങ് റാവത്ത് മൊബൈൽ ആപ്പ് പ്രകാശനംചെയ്തു. എൻവിസ് കോ-ഓർഡിനേറ്റർ ഡോ. കണ്ണൻ വാര്യർ മൊബൈൽ ആപ്പിനെക്കുറിച്ച് വിശദീകരിച്ചു. ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ, റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. ആർ. യശോദ, ഡോ. റീന യാലോവാൻ, ഡോ. രേഖ ആർ.വാര്യർ എന്നിവർ പങ്കെടുത്തു.

62. News in Mathrubhumi, Palakkad, 29.11.2022, Release of the Mobile App, Forest Seed Science and Technology by IFGTB ENVIS.